(ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ കാൽനടക്കാർക്കു വേണ്ടി റെയിൽവേ ഭാഗത്തിന് ഇരുവശവും ആയി ചവിട്ടുപടികൾ നിർമ്മിക്കുന്നത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്രോച്ച് ഭാഗത്ത് റെയിൽവേയുടെ അടുത്തുള്ള 2 സ്ഥാനകൾ ഒഴികെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞതാണ്. ആയതിനാൽ പുതിയതായി നടപ്പാത കൂട്ടിച്ചേർക്കുന്നത് പ്രായോഗികമല്ല.

അരൂർ മണ്ഡലത്തിലെ ഇറവൂർ-കമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണം

229 (4861) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ ഇറവൂർ-കമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; എന്നാണ് വർക്ക് ടെൻണ്ടർ ചെയ്തത്; കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി എന്നാണ് സ്വീകരിച്ചത്; പിന്നീട് വർക്ക് ടെൻണ്ടർ ചെയ്തോ; എത്ര പ്രാവശ്യം ചെയ്തു; ഏത് വർഷത്തെ നിരക്കിലാണ് വർക്ക് ടെൻണ്ടർ ചെയ്തത്;

(ബി) റിസ്ക് ആന്റ് കോസ്റ്റിൽ മുൻ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത സ്ഥിതിക്ക് ഏറ്റവും പുതിയ നിരക്കിൽ വർക്ക് ടെൻണ്ടർ ചെയ്യുന്നതിന് നിയമ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ച് വർക്ക് ടെൻണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലെ ഇറവൂർ-കമ്പളങ്ങി റോഡിന്റെ പുനരുദ്ധാരണത്തിന് 390 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 11-1-2010-ൽ വർക്ക് ടെണ്ടർ ചെയ്തു. 16-11-2013-ൽ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. പിന്നീട് രണ്ടു പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും പ്രവർത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തതുകാരണം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. 2009 എസ്.ഒ.ആർ. പ്രകാരമാണ് വർക്ക് ടെണ്ടർ ചെയ്തത്.

(ബി) ചീഫ് എഞ്ചിനീയറിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകി പുതിയ നിരക്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly